8486
21/8/14

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- ആത്മ ഗുരുകുലം അടാട്ട്റോഡ്, തൃശൂർ എന്ന സ്ഥാപനത്തിന്റെ കീഴിലുള്ള പെൺകുട്ടികളുടെ കെയർഹോമിന് ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ (സാധാ)നം.527/2014/സാനീവ　　　　തിരുവനന്തപുരം, തീയതി, 16.08.2014

---

പരാമർശം:- OCB മെമ്പർസെക്രട്ടറിയുടെ 8.6.14, 14.7.14 എന്നീ തീയതികളിലെ OCB2/09/09, OCB2/1656/14എന്നീ നമ്പർ കത്തുകൾ

**ഉത്തരവ്**

തൃശൂർ ജില്ലയിലെ ആത്മ ഗുരുകുലം എന്ന സ്ഥാപനം പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന പെൺകുട്ടികൾക്കായി ഒരു കെയർഹോം തുടങ്ങുന്നതിനുള്ള സ്ഥാപന മേധാവിയുടെ അപേക്ഷയിന്മേൽ, ടി സ്ഥാപനത്തിന്റെ 7 km ചുറ്റളവിൽ സമാനസ്വഭാവമുള്ള മറ്റൊരു സ്ഥാപനം പ്രവർത്തിക്കുന്നതിനാൽ അംഗീകാരം നൽകുന്നതിനായി സർക്കാർ പ്രത്യേക അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്തുകൾ പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, ഓർഫനേജ് കൺട്രോൾ ബോർഡ് യോഗത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ തൃശൂരിലെ ആത്മഗുരുകുലം തുടങ്ങാൻ ഉദ്ദേശിക്കുന്ന പെൺകുട്ടികൾക്കായുള്ള കെയർഹോമിന് ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകുന്നതിന് ഓർഫനേജ് കൺട്രോൾ ബോർഡ് ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് പ്രത്യേക അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**എൽ.എ.ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, OCB, വികാസ് ഭവൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
കറസ്പോണ്ടന്റ്, ആത്മ ഗുരുകുലം, പുറനാട്ടുകര, തൃശൂർ.
ജില്ലാ കളക്ടർ, തൃശൂർ
വെബ്& ന്യൂ മീഡിയ വിഭാഗം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.